**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **02-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചുപിടിക്കുന്നതിനായി വിവിധ സർക്കാരുകൾ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചുപിടിക്കുന്നതിനായി കൈയ്യേറ്റം തിട്ടപ്പെടുത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം സി.സി ഫോറം നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| (ബി) | കൈയേറിയ ഭൂമിയിൽ നിന്നും സ്വകാര്യ വ്യക്തികളെ ഒഴിപ്പിക്കുവാൻ കഴിഞ്ഞ സർക്കാരിന്റേത് ഉൾപ്പെടെ എല്ലാ കാലങ്ങളിലും നടപടി സ്വീകരിച്ചിരുന്നെങ്കിലും പരിപൂർണ്ണമായി ഒഴിപ്പിക്കുവാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | കൈയ്യേറ്റ കക്ഷികളെ പുനരധിവസിപ്പിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ WP(C) 26280/16 കേസിലെ 08.11.2016 ലെ വിധി പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 0.0118 ഹെക്ടർ ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 Sq.m ഭൂമി വീതം തുല്യമായി വീതിച്ച് നൽകി. 29.12.2020 തീയതിയിലെ സ.ഉ (കൈ) 313/2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ഭൂമി കൈമാറുന്നതിനായി തുടർനടപടികൾ നടന്ന് വരുന്നതുമാണ്. പുനരധിവാസം സംബന്ധിച്ച നടപടികൾ പരിഗണനയിൽ ആയതിനാൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) | കൈയേറ്റക്കാരിൽ നിന്നും പരിപൂർണ്ണമായി ഒഴിപ്പിച്ച് പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സി. -യ്ക്ക് എന്നത്തേക്ക് തിരികെ നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | പുനരധിവാസം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

കിഴക്കേകോട്ടയിലെ റോഡ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന 20 വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപ്പെട്ട സർവ്വേ നം. 659-ൽ 0.0118 ഹെക്ടർ (1.18 ആർ) ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 sq.m ഭൂമി വീതം തുല്യമായി വീതിച്ചു നൽകി മൂന്ന് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാനും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നു പ്രാവശ്യം കൂടി പാട്ടം പുതുക്കി നൽകാമെന്ന വ്യവസ്ഥയോടെയും മറ്റ് വ്യവസ്ഥകളോടെയും കമ്പോള വിലയുടെ 5% നിരക്കിൽ പാട്ടത്തിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (കൈ) നം. **313**/2020/റവ      തീയതി, തിരുവനന്തപുരം 29/12/2020

പരാമർശം: 1) WP(C) 22911/18 കേസിലെ 29.10.2018 ലെ വിധിന്യായം.

2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 10.06.2019 ലെ LRJ6-5574/19 നമ്പർ കത്ത്.

3) 01.08.2020 ലെ ബി8/ഇ/132513/18 നമ്പർ കത്ത്.

## ഉത്തരവ്

കിഴക്കേക്കോട്ടയിലെ റോഡ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന 20 വ്യാപാരികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

2) ഇതിനായി വഞ്ചിയൂർ വില്ലേജിലെ സർവ്വേ നം. 659 ൽപ്പെട്ട 0.0118 ഹെക്ടർ ഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമാണെന്ന് പരാമർശം 2 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി ഭൂമിയുടെ കമ്പോള വില ആറൊന്നിന് 49, 42,000/-രൂപ നിരക്കിൽ ആകെ 58, 31, 560/- രൂപയാണ്.

3) നിലവിൽ താലൂക്ക് സർവ്വെയർ 10 കടമുറികൾ നിർമ്മിയ്ക്കുന്നതിനുള്ള പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ടി കടമുറികളുടെ മുകളിൽ സൗകര്യാർത്ഥം ഇരുനിലകളിലായി കടകൾ നിർമ്മിയ്ക്കാവുന്നതാണ് എന്നും ഭൂമി അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് 20 വ്യാപാരികൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ച സംയുക്ത അപേക്ഷയിൽ 0.0118 ഹെക്ടർ സ്ഥലം 20 കച്ചവടക്കാർ തുല്യമായി വീതിച്ച് കടക്കാരുടെ സ്വന്തം ചെലവിൽ പണി ചെയ്ത് നിയമാനുസൃതം ഏറ്റെടുക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ടെന്നും പരാമർശം 3 പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഴക്കേകോട്ടയിലെ റോഡ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന 20 വ്യാപാരികളെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപ്പെട്ട സർവ്വേ നം. 659-ൽ 0.0118 ഹെക്ടർ (1.18 ആർ) ഭൂമി ചുവടെ പട്ടികയിലുള്ള 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 sq.m ഭൂമി വീതം തുല്യമായി വീതിച്ചു നൽകി മൂന്ന് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാനും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നു പ്രാവശ്യം കൂടി പാട്ടം പുതുക്കി നൽകാമെന്ന വ്യവസ്ഥയോടെയും ചുവടെ ചേർത്തിരിക്കുന്ന മറ്റ്

വ്യവസ്ഥകളോടെയും കമ്പോള വിലയുടെ 5% നിരക്കിൽ പാട്ടത്തിന് നൽകി ഉത്തരവാകുന്നു.

എ) ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്താനോ, ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കുവാനോ പാടുള്ളതല്ല.

ബി) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ.

സി) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്.

ഡി) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുവാൻ താഴെ ഇതോടൊപ്പം ചേർത്തിരിക്കുന്ന 20 വ്യാപാരികളും ബാധ്യസ്ഥരായിരിക്കും

ഇ) പ്രസ്തുത ഭൂമി നിയമപ്രകാരമോ മാമൂൽ പ്രകാരമോ ഉള്ള എല്ലാ നികുതികൾക്കും നിരക്കുകൾക്കും വിധേയമായിരിക്കും.

എഫ്) KSRTC യുടെ ഭൂമി കൈയേറിയവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയാണ് സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകേണ്ട സാഹചര്യം സംജാതമായിരിക്കുന്നത് എന്നതിനാൽ പ്രസ്തുത ഭൂമിയിൽ നിന്നും ടിയാളുകളെ 12 വർഷത്തിനകം ഒഴിപ്പിച്ച് KSRTC പണികഴിപ്പിക്കാൻ പോകുന്ന വ്യാപാരസമുച്ചയത്തിൽ പുനരധിവസിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ KSRTC സ്വീകരിക്കേണ്ടതാണ്.

ജി) മേൽ പ്രസ്താവിച്ച നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

| ക്രമ നം. | അപേക്ഷകരുടെ പേരും വിലാസവും |
|---|---|
| 1. | ശ്രീ.പി. ശോഭനകുമാർ, ഉത്രം, റ്റി.സി 43/534 (3), ആര്യൻകുഴി, കമലേശ്വരം, മണക്കാട് പി.ഒ, തിരുവനന്തപുരം |
| 2. | ശ്രീ. വി. വിജയകുമാർ, റ്റി.സി 30/243, രാജീവം, കല്ലുമൂട്, ആനയറ പി.ഒ, തിരുവനന്തപുരം |
| 3. | ശ്രീമതി ക്രിസ്റ്റി.സി.ആർ, സി.ആർ. ഭവൻ, വട്ടവിള, കൊടങ്ങാവിള പി.ഒ, നെയ്യാറ്റിൻകര–695 123. |
| 4. | ശ്രീമതി കുശലകുമാരി.കെ, പ്രതീക്ഷ, ചെക്കക്കോണം പി.ഒ, അഴിക്കോട്, കരകുളം, തിരുവനന്തപുരം |
| 5. | ശ്രീ. കെ.റ്റി. ശ്രീജിത്ത് , തേരുവിള വീട്, കാവല്ലൂർ, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം |
| 6. | ശ്രീ. എം.പി. രാജൻ, വാസൻ ബ്രദേഴ്സ്, ബംഗ്ലാവ്, പള്ളിവിളാകം, കൂട്ടപ്പന, നെയ്യാറ്റിൻകര, തിരുവനന്തപുരം |
| 7. | ശ്രീ. സി. രവീന്ദ്രൻ നായർ, പങ്കജം, റ്റി.സി 41/1983, മണക്കാട് പി.ഒ, തിരുവനന്തപുരം |
| 8. | ശ്രീമതി പി.എ. ലത്തീഫാ ഇബ്രാഹിം, ആശീർവാദ്, റ്റി.സി. 36/248 (8), വിവേകാനന്ദ ലെയിൻ, പെരുന്താന്നി, തിരുവനന്തപുരം |
| 9. | ശ്രീ.എസ്.ജയകുമാർ, വിനായക,നാല്പമുക്ക്, പാൽക്കുളങ്ങര, പേട്ട പി.ഒ,തിരുവനന്തപുരം -24 |
| 10. | ശ്രീ.ആർ.പത്മരാജൻ, ഐശ്വര്യ, വിനായക സ്ട്രീറ്റ്, ബാലരാമപുരം, തിരുവനന്തപുരം |
| 11. | ശ്രീ. എ. എം. ബൈജു, ദേവിക നിവാസ്, ചുണ്ടവിള, മണ്ണറക്കോണം, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം |

| | |
|---|---|
| 12. | ശ്രീ. എസ്. സാദിക്, റ്റി.സി 46/97, മാഹീൻ മൻസിൽ, പള്ളിത്തെരുവ്, പൂന്തുറ പി.ഒ., തിരുവനന്തപുരം |
| 13 | ശ്രീ. കെ. സനൽ, റ്റി.സി.39/1653 (2), തലയാറ്റുവിളാകത്ത് വീട്, കര്യാത്തി, മണക്കാട് പി.ഒ, തിരുവനന്തപുരം - 9 |
| 14. | ശ്രീ. എം. നിസ്സാം, കൗസർ, VP/No. 18/361(A) ചിലപ്പാറ, അരുവിപ്പുറം റോഡ്, പേയാട് പി.ഒ, തിരുവനന്തപുരം |
| 15. | ശ്രീമതി. എ.ആബിദാബീഗം, ഉണ്ടിൽ ഹൗസ്, ഹരിത നഗർ -11, ഊന്നൻപാറ, സിവിൽ സ്റ്റേഷൻ റോഡ്, പേരൂർക്കട, തിരുവനന്തപുരം |
| 16. | ശ്രീമതി. ജി. അംബിക, ഗോപിക, റ്റി.സി 28/1810 (1), അനന്തൻകര ലെയിൻ, തകരപ്പറമ്പ്, ഫോർട്ട് പി.ഒ തിരുവനന്തപുരം |
| 17. | ശ്രീമതി. എം. സുലേഖാ ബീവി, റ്റി.സി 48/560, കല്ലാട്ടുമുക്ക്, മണക്കാട് പി.ഒ, തിരുവനന്തപുരം |
| 18. | ശ്രീ. കെ. സാബു, റ്റി.സി 41/655 (1), പുതുനഗർ - II, റൊട്ടിക്കട ജംഗ്ഷൻ, കര്യാത്തി, മണക്കാട് പി.,ഒ തിരുവനന്തപുരം |
| 19. | ശ്രീ. എസ്. സനൂജ്, റ്റി.സി 49/174, ഫാത്തിമ മൻസിൽ, കമലേശ്വരം, മണക്കാട് പി.ഒ, തിരുവനന്തപുരം |
| 20. | ശ്രീ. ആർ. ഷാഹുൽ ഹമീദ് ഗ്രാന്റ് ഹാന്റ് ലൂം സെന്റർ, പഴയ റ്റി.സി 37/1 New TC 80/1 സിറ്റിബസ് സ്റ്റാന്റ് പഴവങ്ങാടി, തിരുവനന്തപുരം |

5) പരാമർശം ഒന്ന് വിധിന്യായം ഇപ്രകാരം നടപ്പിൽ വരുത്തുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ. ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് (ധനകാര്യ -എ) വകുപ്പ് (4.12.2019 ലെ Exp.A2/519/2019/Fin പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ